സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ–680004

www.swathanthramandapam.com വാല്യം: 59 ലക്കം: 237 2025 ജനുവരി 11 ശനി പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

നഴ്സിങ് വിദ്യാർഥിനിയുടെ മരണം; ഡോക്ടർമാർക്കെതിരെയും കേസ്

പത്തനംതിട്ട: ചുട്ടിപ്പാറ നഴ്സിങ് കോളേജിലെ വിദ്യാർഥിനി അമ്മു സജീവിന്റെ മരണത്തിൽ പത്തനംതിട്ട ജനറൽ ആശുപത്രിയിലെ രണ്ട് ഡോക്ടർമാർക്കെതിരെയും ജീവനക്കാർക്കെതിരെയും കേസെടുത്തതിൽ തൃപ്തിയുണ്ടെന്ന് പിതാവ് സജീവ്. അന്വേഷണം ശരിയായ നിലയിലാണെന്നതിന് തെളിവാണ് തങ്ങൾ നൽകിയ രണ്ട് പരാതികളിലും നടപടി വന്നത്. ലോക്കൽ പോലീസിന്റെ അന്വേഷണം തൃപ്തികരമാണെന്നും സജീവ് പറഞ്ഞു. പത്തനംതിട്ട ഡിവൈ.എസ്.പി.ക്കാണ് അന്വേഷണച്ചുമതല. ചുട്ടിപ്പാറ സ്കൂൾ ഓഫ് മെഡിക്കൽ എജുക്കേഷനിലെ നാലാംവർഷ വിദ്യാർഥിനിയായിരുന്നു അമ്മു എ. സജീവ്.

സ്വതന്ത്രമണ്ഡപം പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

'നിങ്ങളെന്നെ ആത്മഹത്യയിലേക്ക് തള്ളിയിടാൻ ശ്രമിക്കുന്നു'–രാഹുലിനെതിരെ നിയമനടപടിക്കൊരുങ്ങി ഹണി

കൊച്ചി: രാഹുൽ ഈശ്വറിനെതിരെ നിയമനടപടിക്കൊരുങ്ങി നടി ഹണി റോസ്. തനിക്കെതിരെ അധിക്ഷേപം നടത്തിയെന്ന് ആരോപിച്ചാണ് ഹണി റോസ് രാഹുൽ ഈശ്വറിനെതിരെ നിയമത്തിന്റെ വഴി തിരഞ്ഞെടുത്തത്.

തന്റെ സ്ത്രീത്വത്തെ അപമാനിക്കുന്ന രീതിയിലും തൊഴിൽ നിഷേധരീതിയിലും നേരിട്ടും സോഷ്യൽ മീഡിയ വഴിയും വരുന്ന എല്ലാ വെല്ലുവിളി, പോർവിളി കമന്റുകൾക്കും ആഹ്വാനം നടത്തിയ രാഹുൽ ഈശ്വറിനെതിരെ നിയമനടപടി കൈക്കൊള്ളുന്നുവെന്ന് ഹണിറോസ് സോഷ്യൽ മീഡിയയിൽ പങ്കുവെച്ച പോസ്റ്റിൽ പറയുന്നു.

'രാഹുൽ ഈശ്വറിനെപോലെ ഉള്ളവരുടെ ഇത്തരം ഓർഗനൈസ്ഡ് ക്രൈം ഓപ്പറേഷൻ കാരണം ഇത്തരം അവസ്ഥയിൽ പെട്ട് പോകുന്ന സ്ത്രീകൾ പരാതിയുമായി മുന്നോട്ടു വരാൻ മടിക്കും. അത്തരം നടപടികൾ ആണ് തുടർച്ചയായി രാഹുൽ ഈശ്വർ എല്ലാ സ്ത്രീകളായ പരാതിക്കാരോടും കാണിക്കുന്നത്. താങ്കളും താങ്കൾ പിന്തുണക്കുന്ന, ഞാൻ പരാതി കൊടുത്ത വ്യക്തിയുടെ പിആർ ഏജൻസികളും എനിക്കെതിരെ നടത്തുന്നത് ഈ ഓർഗനൈസ്ഡ് ക്രൈമിന്റെ ഭാഗമാണ്.' –ഹണി റോസ് പോസ്റ്റിൽ പറയുന്നു.

ഹണിറോസ് നൽകിയ ലൈംഗികാധിക്ഷേപ പരാതിയിൽ വ്യവസായി ബോബി ചെമ്മണ്ണൂരിനെ കോടതി റിമാൻഡ് ചെയ്തതിന് പിന്നാലെ വിചിത്രവാദവുമായി രാഹുൽ ഈശ്വർ രംഗത്തെത്തിയിരുന്നു. ഒരു മിനിറ്റിന്റെ തമാശക്ക് ഒരാളെ വർഷങ്ങളോളം ജയിലിൽ ഇടണമെന്ന് പറയുന്നത് അന്യായമാണ്. ബോബി ചെമ്മണ്ണൂരിനെ സോഷ്യൽ ഓഡിറ്റ് ചെയ്യുന്നപോലെ ഹണി റോസും ഓഡിറ്റ് ചെയ്യപ്പെടണമെന്നും ചർച്ചയിൽ സംസാരിക്കുന്നതിനിടെ രാഹുൽ പറഞ്ഞു.

ബോബിക്കെതിരേ പരാതി നൽകിയതുസംബന്ധിച്ച ചാനൽ ചർച്ചയിൽ തന്റെ വസ്ത്രധാരണത്തെക്കുറിച്ച് പരാമർശിച്ച രാഹുൽ ഈശ്വറിനെതിരേ ഹണി റോസ് രംഗത്തെത്തിയിരുന്നു. രാഹുൽ ഈശ്വറിന്റെ മുന്നിൽ വരേണ്ട സാഹചര്യമുണ്ടായാൽ താൻ വസ്ത്രധാരണത്തിൽ ശ്രദ്ധിച്ചോളാം എന്നായിരുന്നു ഹണി റോസിന്റെ പോസ്റ്റ്. രാഹുൽ ഈശ്വർ പൂജാരി ആവാതിരുന്നത് നന്നായെന്നും അങ്ങനെയായിരുന്നെങ്കിൽ തന്റെ നിയന്ത്രണം നഷ്ടപ്പെടാതിരിക്കാൻ ക്ഷേത്രത്തിൽ വരുന്ന സ്ത്രീകൾക്ക് രാഹുൽ പ്രത്യേക ഡ്രസ്കോഡ് ഏർപ്പെടുത്തുമായിരുന്നു ഹണി റോസിന്റെ പോസ്റ്റ്.

യിരുന്നുവെന്നും ഹണി റോസ് തന്റെ ഇൻസ്റ്റഗ്രാം പോസ്റ്റിൽ വ്യക്തമാക്കിയിരുന്നു.

ഞാനും എന്റെ കുടുംബവും കടുത്ത മാനസികസമ്മർദ്ദത്തിലൂടെ ആണ് കടന്നുപോകുന്നത് അതിനു പ്രധാന കാരണക്കാരിൽ ഒരാൾ ഇപ്പോൾ തങ്കളാണ്. ഞാൻ എനിക്കെതിരെ പബ്ലിക് പ്ലാറ്റ്ഫോമിൽ നടന്ന പങ്കൽ പോലെ വ്യക്തമായ അധിക്ഷേപത്തിന് എതിരെ പരാതി കൊടുത്തു. പോലീസ് എന്റെ പരാതിയിൽ കാര്യം ഉണ്ടെന്നു കണ്ട് കേസെടുക്കുകയും കോടതി ഞാൻ പരാതി കൊടുത്ത വ്യക്തിയെ റിമാൻഡിൽ ആക്കുകയും ചെയ്തു. പരാതി കൊടുക്കുക എന്നതാണ് ഞാൻ ചെയ്യേണ്ട കാര്യം. ബാക്കി ചെയ്യേണ്ടത് ഭരണകൂടവും പോലീസും കോടതിയും ആണ്. ഞാൻ കൊടുത്ത പരാതിയുടെ ഗൗരവം ചോർത്തിക്കളയാനും ജനങ്ങളുടെ പൊതുബോധം എന്റെ നേരെ തിരിയാനും സൈബർ ഇടത്തിൽ ഒരു ഓർഗനൈസ്ഡ് ക്രൈം ആസൂത്രണം ചെയ്യുകയും ആണ് രാഹുൽ ഈശ്വർ ചെയ്യുന്നത്. ഇന്ത്യൻ നിയമവ്യവസ്ഥയിൽ ഇങ്ങനെ ആണെന്നിരിക്കെ തുടർച്ചയായി മാധ്യമങ്ങളിലൂടെ എനിക്കെതിരെ, എന്റെ മൗലിക അവകാശങ്ങൾക്കെതിരെ നിയന്ത്രണം ഏർപ്പെടുത്താനും എനിക്കെതിരെ ഒരു പൊതുബോധം സൃഷ്ടിച്ച് എന്നെ ആക്രമിക്കാനും താങ്കൾ കഴിഞ്ഞ ദിവസങ്ങളായി നടത്തിയ ശ്രമഫലമായി എനിക്കെതിരെ വരുന്ന, എന്റെ തൊഴിലിനു നേരെ വരുന്ന ഭീഷണികൾ, തൊഴിൽ നിഷേധ ഭീഷണികൾ, അപായഭീഷണികൾ,അശ്ലീല, ദ്വയാർത്ഥ, അപമാനകുറിപ്പുകൾ തുടങ്ങിയ എല്ലാ സൈബർ ബുള്ളിയിങ്ങിനും പ്രധാന കാരണക്കാരൻ താങ്കൾ ആണ്. കോടതിയിൽ ഇരിക്കുന്ന കേസിലെ പരാതിക്കാരി ആയ എന്നെ കടുത്ത മാനസികവ്യഥയിലേക്കു തള്ളിയിടുകയും ആത്മഹത്യയിലേക്കു തള്ളിയിടാൻ ശ്രമിക്കുകയും ചെയ്യുന്ന പ്രവർത്തികൾ ആണ് രാഹുൽ ഈശ്വറിന്റെ ഭാഗത്തു നിന്ന് തുടർച്ചയായി ഉണ്ടായിക്കൊണ്ടിരിക്കുന്നത്.

രാഹുൽ ഈശ്വറിനെപോലെ ഉള്ളവരുടെ ഇത്തരം ഓർഗനൈസ്ഡ് ക്രൈം ഓപ്പറേഷൻ കാരണം ഇത്തരം അവസ്ഥയിൽ പെട്ട് പോകുന്ന സ്ത്രീകൾ പരാതിയുമായി മുന്നോട്ടു വരാൻ മടിക്കും. അത്തരം നടപടികൾ ആണ് തുടർച്ചയായി രാഹുൽ ഈശ്വർ എല്ലാ സ്ത്രീകളായ പരാതിക്കാരോടും കാണിക്കുന്നത്. താങ്കളും താങ്കൾ പിന്തുണക്കുന്ന, ഞാൻ പരാതി കൊടുത്ത വ്യക്തിയുടെ PR ഏജൻസികളും എനിക്കെതിരെ നടത്തുന്നത് ഈ ഓർഗനൈസ്ഡ് ക്രൈമിന്റെ ഭാഗം ആണ്. എന്റെ മൗലിക അവകാശങ്ങളെ നിഷേധിച്ചു കൊണ്ട്, എന്റെ മൗലിക അവകാശങ്ങളിലേക്കു കടന്നുകയറി എന്നെ അപമാനിച്ചു കൊണ്ട് എനിക്കെതിരെ, സ്ത്രീത്വത്തെ അപമാനിക്കുന്ന രീതിയിലും എന്നെ ആക്രമിക്കുകയും അപായപ്പെടുത്തുമെന്നുമുള്ള ഭീഷണികളുടെ രീതിയിലും തൊഴിൽ നിഷേധരീതിയിലും, നേരിട്ടും സോഷ്യൽ മീഡിയ വഴിയും വരുന്ന എല്ലാ വെല്ലുവിളി, പോർവിളി കമന്റുകൾക്കും ആഹ്വാനം നടത്തിയ രാഹുൽ ഈശ്വറിനെതിരെ ഞാൻ നിയമനടപടി കൈക്കൊള്ളുന്നു.

ആ ഭാവഗീതം മണ്ണോടുചേർന്നു

കൊച്ചി: അരനൂറ്റാണ്ടിലേറെക്കാലം മലയാളിയെ ആനന്ദത്തിലാഴ്ത്തിയ മധുരഗാനങ്ങൾക്ക് ശബ്ദമായി മാറിയ ഭാവഗായകൻ പി. ജയചന്ദ്രൻ ഇനി ഓർമ. അദ്ദേഹത്തിന്റെ തറവാടു വീടായ ചേന്ദമംഗലം പാലിയം നാലുകെട്ടിന് മുന്നിലെ ശ്മശാനത്തിലായിരുന്നു സംസ്കാര ചടങ്ങുകൾ. ഗാർഡ് ഓഫ് ഓണറിന് ശേഷം മകൻ ദിനനാഥൻ ചിതയ്ക്ക് തീ കൊളുത്തി.

1944 മാർച്ച് മൂന്നിന് പാലിയത്ത് സുഭദ്ര കുഞ്ഞമ്മയുടെയും എറണാകുളം രവിപുരത്ത് ഭദ്രാലയത്തിൽ രവിവർമ കൊച്ചനിയൻ തമ്പുരാന്റെയും മകനായ ജയചന്ദ്രന്റെ ബാല്യകാലം പാലിയത്തെ ഈ തറവാട്ടിലായിരുന്നു. അഞ്ചുമക്കളിൽ മൂന്നാമനായിരുന്നു. സംസ്ഥാന സ്കൂൾ യുവജനോത്സവത്തിൽ മൃദംഗം, ലളിതഗാനം എന്നിവയിൽ സമ്മാനം നേടി.

1965ൽ കുഞ്ഞാലി മരക്കാർ എന്ന സിനിമയിലെ 'മുല്ലപ്പൂ മാലയുമായ്...' എന്ന ഗാനം ആലപിച്ചാണ് ചലച്ചിത്ര പിന്നണി ഗാനരംഗത്തേക്കുള്ള വരവ്. തൊട്ടടുത്ത വർഷം പുറത്തിറങ്ങിയ കളിത്തോഴനിലെ 'മഞ്ഞലയിൽ മുങ്ങിത്തോർത്തി...' എന്ന പാട്ടാണ് ശ്രദ്ധേയനാക്കിയത്. പിന്നീട് അരനൂറ്റാണ്ട് മതിവരാതെ മലയാളി അദ്ദേഹത്തെ കേട്ടു. 'രാജീവ നയനേ നീയുറങ്ങൂ', 'കേവലം മർത്യഭാഷ കേൾക്കാത്ത' പോലുള്ള അനശ്വരഗാനങ്ങളാൽ പഴയകാലത്തെ ത്രസിപ്പിച്ചപോലെ 'പൂവേ പൂവേ പാലപ്പൂവേ, 'പൊടിമീശ മുളയ്ക്കണ പ്രായം,' 'ശാരദാംബരം...' തുടങ്ങിയ പാട്ടുകളിലൂടെ പുതിയകാലത്തിനും അദ്ദേഹം പ്രിയങ്കരനായി.

മലയാള സിനിമയിലെ സമഗ്ര സംഭാവനയ്ക്കുള്ള 2021–ലെ ജെ.സി. ഡാനിയേൽ അവാർഡ്, മികച്ച പിന്നണി ഗായകനുള്ള ദേശീയ പുരസ്കാരം, അഞ്ചുതവണ സംസ്ഥാന പുരസ്കാരം. നാലുതവണ തമിഴ്നാട് സംസ്ഥാന പുരസ്കാരം, തമിഴ്നാട് സർക്കാരിന്റെ കലൈമാമണി പുരസ്കാരം, 'സ്വരലയ കൈരളി യേശുദാസ് പുരസ്കാരം എന്നിവയിലൂടെ പലതവണ അദ്ദേഹം ആദരിക്കപ്പെട്ടു.

ഒരുവർഷമായി അർബുദരോഗത്തിന് ചികിത്സയിലായിരുന്നു. രോഗം മൂർച്ഛിച്ചതിനെത്തുടർന്ന് കഴിഞ്ഞയാഴ്ചയാണ് ജയചന്ദ്രനെ തൃശ്ശൂരിലെ അമല ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. ബുധനാഴ്ച ആശുപത്രി വിട്ടിരുന്നെങ്കിലും വ്യാഴാഴ്ച സന്ധ്യയോടെ വീണ്ടും ആശുപത്രിയിൽ പ്രവേശിപ്പിക്കുകയായിരുന്നു. വ്യാഴാഴ്ച രാത്രി 7.54–നായിരുന്നു മരണം.

ഇന്ന് വൈകീട്ട് 3.30 ഓടെ സംസ്കാര ചടങ്ങുകൾ നടക്കുമെന്നായിരുന്നു ഇതുവരെയുള്ള റിപ്പോർട്ടുകൾ. എന്നാൽ 12.30ന് തന്നെ സംസ്കാരചടങ്ങുകൾ നടത്തുകയാണുണ്ടായത്.

ബിഷപ്പ് ഹൗസിനു മുന്നിൽ സംഘർഷം

കൊച്ചി: എറണാകുളം–അങ്കമാലി അതിരൂപത ആസ്ഥാനത്ത് പൊലീസും വൈദികരും വീണ്ടും ഏറ്റുമുട്ടി. ബിഷപ്പ് ഹൗസിന്റെ കവാടം വൈദികരുൾപ്പെടെയുള്ള പ്രതിഷേധക്കാർ തള്ളിത്തുറക്കാൻ ശ്രമിച്ചതോടെയാണ് വീണ്ടും സംഘർഷമുണ്ടായത്. ഗേറ്റ് തുറന്ന് ബിഷപ്പ് ഹൗസിലേക്ക് കയറണമെന്നായിരുന്നു പ്രതിഷേധക്കാരുടെ ആവശ്യം.

കഴിഞ്ഞ മൂന്ന് ദിവസമായി എറണാകുളം–അങ്കമാലി അതിരൂപതയിൽ വിമതവിഭാഗത്തിന്റെ പ്രതിഷേധം തുടരുകയാണ്. ഇന്ന് രാവിലെ ബിഷപ്പ് ഹൗസിൽ പ്രാർത്ഥന പ്രതിഷേധം നടത്തുന്ന വിമത വൈദികരെ ബലം പ്രയോഗിച്ച് പുറത്താക്കാൻ പൊലീസ് ശ്രമിച്ചത് വലിയ പ്രതിഷേധത്തിനിടയാക്കിയിരുന്നു. കുർബാന തർക്കത്തിൽ നാല് വൈദികർക്കെതിരെ നടപടിയെടുത്തതിൽ പ്രതിഷേധിച്ചാണ് 21 വൈദികർ ബിഷപ്പ് ഹൗസിനുള്ള പ്രതിഷേധിച്ചത്. മൂന്ന് ദിവസമായി വൈദികർ സത്യാഗ്രഹം നടത്തിവരികയായിരുന്നു.

യുവതിയുടെ 8 മാസം പഴക്കമുള്ള മൃതദേഹം ഫ്രിഡ്ജിൽ; ഒപ്പം താമസിച്ചിരുന്നയാൾ പിടിയിൽ

ഭോപാൽ: മധ്യപ്രദേശിലെ ദേവദാസിൽ ഒരു വർഷം പഴക്കമുള്ള യുവതിയുടെ മൃതദേഹം ഫ്രിഡ്ജിൽ നിന്ന് കണ്ടെത്തി. സംഭവത്തിൽ യുവാവ് അറസ്റ്റിൽ. കഴിഞ്ഞ 5 വർഷമായി ഇരുവരും ഒരുമിച്ച് ജീവിക്കുകയായിരുന്നു. ഇരുവരും തമ്മിലുള്ള വിവാഹം നടക്കണമെന്ന് യുവതി ആവശ്യപ്പെട്ടതാണ് കൊലപാതകത്തിലേക്ക് നയിച്ചതെന്ന് പോലീസ് അറിയിച്ചു.

ഇവർ കഴിഞ്ഞിരുന്ന വാടക വീട്ടിൽ നിന്ന് കടുത്ത ദുർഗന്ധം അനുഭവപ്പെട്ടതോടെ അയൽവാസികൾ നൽകിയ പരാതിയിലാണ് ഒരു വർഷം പഴകിയ മൃതദേഹം കെട്ടിവെച്ച നിലയിൽ ഫ്രിഡ്ജിനുള്ളിൽ നിന്ന് കണ്ടത്തിയത്. സാരി ഉടുത്തിരുന്ന യുവതിയുടെ മൃതദേഹം കഴുത്തിൽ കയർ കെട്ടി, കയ്യും കാലും ബന്ധിച്ച നിലയിലാണ് കണ്ടെത്തിയത്.

ഉജ്ജെയ്ൻ സ്വദേശിയായ സഞ്ജയ് പാറ്റിഡർ എന്ന യുവാവ് പ്രതിഭ എന്ന യുവതിയുമായി വാടക വീട്ടിൽ താമസിക്കുകയായിരുന്നു. മാർച്ച് 2024–ൽ ഇയാൾ ഈ വീട്ടിൽ നിന്ന് താമസമൊഴിഞ്ഞു. എന്നാൽ വീടിന് മുൻ വശത്തെ മുറിയിൽ കുറച്ച് സാധനങ്ങൾ ഇയാൾ സൂക്ഷിച്ചിരുന്നു.

2023 ജൂണിലാണ് ഇരുവരും ചേർന്ന് വീട് വാടകയ്ക്ക് എടുക്കുന്നത്. ഇയാൾ വീട് ഒഴിഞ്ഞതിന് ശേഷം വന്ന പുതിയ താമസക്കാർ അടച്ചിട്ടിരുന്ന മുറി തുറന്ന് കാണിക്കാൻ പറഞ്ഞതിനെ തുടർന്ന് ഉടമ മുറി തുറന്ന് കാണിച്ചു. എന്നാൽ ഈ ഭാഗത്ത് ആൾ താമസമില്ലാത്തതിനാൽ ഇവിടേക്കുള്ള വൈദ്യുതി വിച്ഛേദിച്ച ശേഷം ഇവർ മുറി വീണ്ടും അടച്ചിട്ടു. ബുധനാഴ്ചയാണ് സംഭവം. വൈദ്യുതി വിച്ഛേദിച്ച ശേഷം ഫ്രിഡ്ജിനുള്ളിൽ നിന്ന് അസഹനീയമായ ദുർഗന്ധം വമിക്കാൻ തുടങ്ങി.

വിവാഹിതനായ സഞ്ജയ്ക്ക് രണ്ടു കുട്ടികളുണ്ട്. വിവാഹം കഴിക്കാൻ യുവതി നിർബന്ധിച്ചതിനെ തുടർന്ന് ബന്ധം അവസാനിപ്പിക്കാനുള്ള ചർച്ചകൾ ഇരുവരും തമ്മിൽ നടക്കുന്നതിനിടെയാണ് കൊലപാതകം നടന്നത്.

സുഹൃത്തിന്റെ സഹായത്തോടെയാണ് യുവാവ് മൃതദേഹം ഫ്രിഡ്ജിനുള്ളിലേക്ക് കയറ്റിയത്. യുവതിയുടെ അച്ഛന് ഹൃദയാഘാതം ഉണ്ടായതിനെ തുടർന്ന് അവർ വീട്ടിലേക്ക് പോയി എന്നായിരുന്നു വീട്ടുടമയോട് യുവാവ് പറഞ്ഞിരുന്നത്.

പ്രിയഗായകന് ഇരിങ്ങാലക്കുടയുടെ യാത്രാമൊഴി

ഇരിങ്ങാലക്കുട : ഭാവഗായകൻ പി ജയചന്ദ്രന് ഇരിങ്ങാലക്കുടയുടെ യാത്രാമൊഴി. സ്കൂൾക്കാലം ചിലവഴിച്ച നാഷണൽ ഹയർ സെക്കൻഡറി സ്കൂളിൽ രാവിലെ 9മണിയോടെയാണ് ഭൗതിക ശരീരം പൊതുദർശനത്തിനായി എത്തിച്ചത്. അനശ്വരഗായകന് അന്ത്യാഞ്ജലി അർപ്പിക്കാൻ എട്ടരയോടെ തന്നെ ആരാധകരും സംഗീത പ്രേമികളും എത്തിതുടങ്ങിയിരുന്നു. പൂങ്കുന്നത്തെ വസതിയിൽ നിന്നുമാണ് ഭൗതിക ശരീരം സ്കൂളിൽ എത്തിച്ചത്.

ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ ആർ ബിന്ദു, ജില്ലാ കളക്ടർ അർജ്ജുൻ പാണ്ഡ്യൻ എന്നിവർ ഒപ്പം ഉണ്ടായിരുന്നു. കെ സി വേണുഗോപാൽ എം പി, ഇരിങ്ങാലക്കുട നഗരസഭ ചെയർപേഴ്സൺ മേരിക്കുട്ടി ജോയ്, വൈസ്– ചെയർമാൻ ബൈജു കുറ്റിക്കാടൻ, കൂടൽമാണിക്യം ദേവസ്വം ചെയർമാൻ അഡ്വ സി കെ ഗോപി, മുൻ മന്ത്രി വി എസ് സുനിൽകുമാർ, മുൻ സർക്കാർ ചീഫ് വിപ്പ് അഡ്വ തോമസ് ഉണ്ണിയാടൻ, കഥകളി ആചാര്യൻ സദനം കൃഷ്ണൻകുട്ടി, പ്രൊഫ സാവിത്രി ലക്ഷ്മണൻ, ക്രൈസ്റ്റ് കോളേജ് പ്രിൻസിപ്പൽ ഫാ ജോളി ആൻഡ്രൂസ്, സെന്റ് ജോസഫ്സ് കോളേജ് പ്രിൻസിപ്പൽ സിസ്റ്റർ ബ്ലെസ്സി, ക്രൈസ്റ്റ് എഞ്ചിനീയറിംഗ് കോളേജ് പ്രിൻസിപ്പൽ ഫാ ജോൺ പാലിയേക്കര, ഐ സിഎൽ ഫിൻകോർപ്പ് എം ഡി അഡ്വ കെ ജി അനിൽകുമാർ, കെ വി രാമനാഥൻ മാസ്റ്ററുടെ ഭാര്യ രാധ ടീച്ചർ, നാഷണൽ സ്കൂൾ മാനേജർ വി പി രാമചന്ദ്രൻ, നടൻ ഇടവേള ബാബു, ജനപ്രതിനിധികൾ, വിവിധ രാഷ്ട്രീയ കക്ഷി നേതാക്കൾ, സാംസ്കാരിക പ്രവർത്തകർ, അധ്യാപകർ, മാധ്യമപ്രവർത്തകർ, തുടങ്ങി നാടിന്റെ വിവിധ മേഖലകളിൽ നിന്നുള്ളവർ പ്രിയ ഗായകന് ആദരാഞ്ജലികൾ അർപ്പിച്ചു. പത്തരയോടെ പാലിയത്ത് വീട്ടിലേക്ക് കൊണ്ട് പോയി.

വിഴിഞ്ഞം തുറമുഖ കമ്പനിയിൽ ജോലി വാഗ്ദാനം ചെയ്ത് തട്ടിപ്പ്: ഒരാൾ അറസ്റ്റിൽ

തിരു: വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ കമ്പനിയുടെ പേരിൽ വ്യാജരേഖകൾ ഉണ്ടാക്കി ഉദ്യോഗത്തട്ടിപ്പ് നടത്തിയ ആൾ പിടിയിൽ. കമ്പനിയിലെ ഉന്നത ഉദ്യോഗസ്ഥനാണെന്ന് തെറ്റിധരിപ്പിച്ച് ജോലിക്കായി പണംവാങ്ങിയ പുവാർ കല്ലിയവിളാകം പനയിൽ വീട്ടിൽ സുരേഷ് കുമാറിനെയാണ് (51) തമ്പാനൂർ പോലീസ് പിടികൂടിയത്.

ഇയാളുടെ കൈവശം ഉണ്ടായിരുന്ന കാറിൽനിന്ന് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ കമ്പനിയുടെ സീൽ, ലെറ്റർ പാഡുകൾ, അപ്പോയിൻമെന്റ് ലെറ്ററുകൾ, ഓഫർ ലെറ്ററുകൾ എന്നിവ കണ്ടെടുത്തു. തുറമുഖ കമ്പനിയുടെ എംബ്ലവും ഇവയിൽ ഉപയോഗിച്ചിട്ടുണ്ട്. ജോലിക്ക് പണം വാങ്ങിയിട്ട് വിഴിഞ്ഞം കമ്പനിയുടെ പേരിലുണ്ടാക്കിയ വ്യാജബില്ലുകളും ഇയാൾ പലർക്കും നൽകിയിരുന്നു.

കാർ വാടകയ്ക്ക് എടുത്തതിന് തുറമുഖ കമ്പനി നൽകിയ ഒരു രസീതിന്റെ മാതൃകയിലാണ്

ഇയാൾ മറ്റ് ബില്ലുകൾ ഉണ്ടാക്കിയിട്ടുള്ളത്. മൂന്ന് പേരിൽ നിന്നായി രണ്ട് ലക്ഷത്തോളം രൂപ തട്ടിയെടുത്ത സംഭവത്തിലാണ് ഇയാളെ അറസ്റ്റ് ചെയ്തിട്ടുള്ളത്. നിരവധി പേരെ ഇത്തരത്തിൽ കബളിപ്പിച്ചിട്ടുള്ളതായാണ് പോലീസ് സംശയിക്കുന്നത്.

കാന്റീനിൽ ജോലി നൽകാം എന്ന പേരിലാണ് പണം വാങ്ങിയത്. വിഴിഞ്ഞം തുറമുഖ അധികൃതരുടെ പരാതിയിലാണ് തമ്പാനൂർ പോലീസ് കേസെടുത്തത്.

പത്തനംതിട്ട പീഡനത്തിൽ മൂന്ന് കേസുകൾ കൂടി; ആദ്യം അറസ്റ്റിലായവർക്കെതിരെ കൂട്ടബലാത്സംഗ കുറ്റം

പത്തനംതിട്ട: പത്തനംതിട്ടയിൽ ദളിത്പെൺകുട്ടി കൂട്ടബലാത്സംഗത്തിന് ഇരയായ സംഭവത്തിൽ പോലീസ് മൂന്ന് കേസുകൾ കൂടി രജിസ്റ്റർ ചെയ്തു. ഇന്നലെ ഇലവന്തിട്ട പോലീസ് സ്റ്റേഷനിലാണ് രണ്ടു കേസുകൾ രജിസ്റ്റർ ചെയ്തത്. ഇതിൽ ഒരു കേസ് കൂട്ടബലാസ്തംഗത്തിനും രണ്ടാമത്തെ കേസ് വാഹനത്തിൽ കൊണ്ടുപോയി പീഡിപ്പിച്ചു എന്നതിനുമാണ്. ഇന്നലെ അറസ്റ്റുചെയ്യപ്പെട്ട അഞ്ചുപേരിൽ നാലുപേർക്കെതിരെ ബലാത്സംഗത്തിനും മറ്റൊരാൾക്കെതിരെ കാറിൽ കൂട്ടിക്കൊണ്ടുപോയി ലൈംഗികമായി പീഡിപ്പിച്ചു എന്നതിനുമാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.

ഇന്നലെ ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഇന്ന് പത്തനംതിട്ട പോലീസ് സ്റ്റേഷനിൽ പുലർച്ചെ രജിസ്റ്റർ ചെയ്ത മൂന്ന് കേസുകളുടെ അന്വേഷണത്തിന്റെ ഭാഗമായാണ് പത്ത് യുവാക്കളെ പോലീസ് കസ്റ്റഡിയിൽ എടുത്തത്. ഇവരെ വിശദമായി ചോദ്യംചെയ്ത് വരികയാണ്. പെൺകുട്ടി നിലവിൽ പത്തനംതിട്ട വനിതാ സ്റ്റേഷനിലാണ് ഉള്ളത്. കൂടുതൽ മൊഴി രേഖപ്പെടുത്തുന്നതിന് വേണ്ടിയാണ് പെൺകുട്ടിയെ മഹിളാമന്ദിരത്തിൽ നിന്നും പോലീസ് സ്റ്റേഷനിലേക്ക് കൊണ്ടുവന്നത്.

പെൺകുട്ടിയിൽ നിന്നും ലഭ്യമായ മൊഴിയും യുവാക്കളുടെ പ്രതികരണവും തമ്മിൽ യോജിക്കാത്ത സാഹചര്യം ഉണ്ടായാൽ അതിനെക്കുറിച്ച് കൂടുതൽ വിവരം ശേഖരിക്കും. അതിനുശേഷം മാത്രമേ യുവാക്കളുടെ അറസ്റ്റ് രേഖപ്പെടുത്തുകയുള്ളൂ. അതല്ല, പെൺകുട്ടിയുടേത് ആക്ഷേപം മാത്രമാണ് എന്ന് തെളിഞ്ഞാൽ യുവാക്കളെ വിട്ടയയ്ക്കുകയും ചെയ്യും എന്നാണ് വിവരം. വിഷയവുമായി ബന്ധപ്പെട്ട് വിവിധ തലങ്ങളിൽ നിന്നും പ്രതിഷേധത്തിനുള്ള സാഹചര്യങ്ങൾ കൂടി കണക്കിലെടുത്ത് സ്ഥലത്ത് കൂടുതൽ പോലീസിനെ വിന്യസിച്ചേക്കും.

പത്തനംതിട്ട നഗരം കേന്ദ്രീകരിച്ചും പ്രതികളെ ചോദ്യം ചെയ്യുന്ന പോലീസ് സ്റ്റേഷനുകൾക്ക് മുന്നിലും കൂടുതൽ പോലീസ് സന്നാഹത്തെ വിന്യസിക്കും. കേസുമായി ബന്ധപ്പെട്ട് ഇതുവരെ സി.ഡബ്ല്യു.സി.യുടെ പ്രതികരണം മാത്രമാണ് ഔദ്യോഗികമായി ലഭിച്ചിട്ടുള്ളത്. ലൈംഗിക ചൂഷണത്തിനെതിരെ ക്ലാസിൽ നൽകിയ കൗൺസിലിങ്ങിനിടെയാണ് പെൺകുട്ടി ദുരനുഭവം പങ്കുവെച്ചത്. തുടർന്ന് മഹിളാ സമാഖ്യ സൊസൈറ്റി വഴി സി.ഡബ്ല്യു.സി.യിലേക്ക് എത്തിയതിന് പിന്നാലെയാണ് ഞെട്ടിക്കുന്ന സംഭവം പുറം ലോകമറിഞ്ഞത്.

ഇപ്പോൾ 18 വയസ്സുള്ള വിദ്യാർഥിനിക്ക് 13 വയസ്സുമുതൽ പീഡനംനേരിട്ടെന്നാണ് മൊഴി. അഞ്ചുവർഷത്തിനിടെ അറുപതിലേറെപ്പേർ പീഡിപ്പിച്ചെന്ന പെൺകുട്ടിയുടെ വെളിപ്പെടുത്തലിൽ കാമുകനുൾപ്പെടെയുള്ള അഞ്ചുപേരെയാണ് കഴിഞ്ഞ ദിവസം അറസ്റ്റ് ചെയ്തത്.

പ്രക്കാനം വലിയവട്ടം പുതുവൽതുണ്ടിയിൽ വീട്ടിൽ സുബിൻ (24), സന്ദീപ് ഭവനത്തിൽ എസ്. സന്ദീപ് (30), കുറ്റിയിൽ വീട്ടിൽ വി.കെ. വിനീത് (30), കൊച്ചുപറമ്പിൽ കെ. അനന്ദു (21), ചെമ്പില്ലാത്തറയിൽ വീട്ടിൽ സുധി (ശ്രീനി–24) എന്നിവരാണ് അറസ്റ്റിലായത്.

രണ്ടാംക്ലാസുകാരി സ്കൂൾ ബസ് കയറി മരിച്ച സംഭവം; കേബിളിൽ കാൽകുരുങ്ങി

കിളിമാനൂർ: തിരുവനന്തപുരം കിളിമാനൂരിൽ രണ്ടാംക്ലാസുകാരി ബസ് കയറി മരിക്കാൻ ഇടയായ സംഭവത്തിന്റെ കൂടുതൽ വിവരങ്ങൾ പുറത്ത്. സ്കൂൾബസിൽ നിന്ന് ഇറങ്ങി നടക്കുമ്പോൾ റോഡിൽ കിടന്ന കേബിളിൽ കാൽ കുരുങ്ങിയാണ് കുട്ടി ബസിനടിയിലേക്ക് വീണത്. മടവൂർ ഗവ. എൽ.പി.എസിലെ വിദ്യാർഥിനി കൃഷ്ണേന്ദു (7) ആണ് മരിച്ചത്.

മടവൂർ മഹാദേവ ക്ഷേത്രത്തിനു സമീപം പുളിമൂട് റോഡ് എം.എസ്. ഭവനിൽ ആർ. മണികണ്ഠനാചാരി – ശരണ്യ ദമ്പതിമാരുടെ മകളാണ്. ഇന്നലെ വൈകീട്ട് 4.15–നായിരുന്നു സം

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

ജയചന്ദ്രന്റെ ഭൗതിക ദേഹത്തിൽ ഫോറം സംസ്ഥാന പ്രസിഡണ്ട് അലക്സാണ്ടർ സാം പുഷ്പചക്രം സമർപ്പിക്കുന്നു. എൻ ശ്രീകുമാർ, ജോയ്.എം. മണ്ണൂർ, സി.കെ ഹസൻ കോയ, ഐ.ജോൺ, മോഹൻദാസ് പാറപ്പുറത്ത് എന്നിവർ സമീപം.

ജയചന്ദ്രന് സീനിയർ ജേണലിസ്റ്റ് ഫോറം കേരള അന്ത്യാഞ്ജലി അർപ്പിച്ചു

തൃശൂർ: മലയാളത്തിന്റെ ഭാവ ഗായകൻ ജയചന്ദ്രന് സീനിയർ ജേണലിസ്റ്റ് ഫോറം - കേരള അന്ധ്യാഞ്ജലി അർപ്പിച്ചു. കേരള സംഗീത നാടക അക്കാദമി ഹാളിന്റെ പൂമുഖത്ത് പൊതു ദർശനത്തിന് വെച്ച ജയചന്ദ്രന്റെ ഭൗതിക ദേഹത്തിൽ ഫോറം സംസ്ഥാന പ്രസിഡണ്ട് അലക് സാണ്ടർ സാം പുഷ്പചക്രം സമർപ്പിച്ചു. സംസ്ഥാന സെക്രട്ടറി ഹസ്സൻ കോയ, സെക്രട്ടറി ജോയ്. എം.മണ്ണൂർ, എൻ ശ്രീകുമാർ, മോഹൻദാസ് പാറപ്പുറത്ത്, ഐ ജോൺ എന്നിവർ സന്നിഹിതരായിരുന്നു.

തൃശ്ശൂർ അമല ആശുപത്രിയിൽ ചികിത്സയിലിരിക്കെ ഇന്നലെ രാത്രി മലയാളികൾക്ക് തീരാനോവായി വിടചൊല്ലിയ ഭാവ ഗായകന് അന്ത്യയാത്ര നേരാൻ ജീവിതത്തിന്റെ നാനാതുറകളിൽപ്പെട്ട ആയിരങ്ങളാണ് ഒഴുകിയെത്തിയത്. മന്ത്രിമാരായ കെ രാജൻ, ആർ.ബിന്ദു, ശ്രീകണ്ഠൻ എംപി,പി. ബാലചന്ദ്രൻ എംഎൽഎ, വിഎസ് സുനിൽകുമാർ, ശ്രീകുമാരൻ തമ്പി, സത്യൻ അന്തിക്കാട്, പ്രിയനന്ദനൻ, സംഗീത സംവിധായകരായ വിദ്യധരൻ മാഷ്, അൽഫോൻസ് ജോസഫ്, മനോജ്.കെ ജയൻ, എന്നിവരും പുഷ്പചക്രം അർപ്പിച്ചവരിൽ ഉൾപ്പെടുന്നു. മുഖ്യമന്ത്രിക്ക് വേണ്ടി എ.ഡി.എമ്മും സാംസ്കാരിക വകുപ്പ് മന്ത്രിക്ക് വേണ്ടി ആർ.ഡി.ഒയും റീത്ത്സമർപ്പിച്ചു. കളക്ടർ മാര്യ പാണ്ധ്യൻ, സിനിമ നാടകരംഗത്തെ താരങ്ങളും അണിയറ പ്രവർത്തകരും പിന്നണി ഗാന രംഗത്തെ പ്രശസ്തരും അടക്കം ഒട്ടേറെ പ്രമുഖർ ആദരാഞ്ജലി അർപ്പിച്ചു. മലയാള മനസ്സുകൾ എന്നും ശ്രുതിമീട്ടുന്ന സിനിമ- ലളിതഗാനങ്ങൾ ഓർത്തെടുത്ത അനുവാചക ഹൃദയങ്ങൾ ഏറ്റുചൊല്ലി അനശ്വര ഗായക മരണമില്ല.. അങ്ങേക്ക് ഒരിക്കലും മരണമില്ല..

അനുശോചനം രേഖപ്പെടുത്തി

ഇരിങ്ങാലക്കുട : ഭാവഗായകൻ പി.ജയചന്ദ്രന്റെ നിര്യാണത്തിൽ ശക്തി സാംസ്ക്കാരിക വേദി അനുശോചിച്ചു. പ്രസിഡണ്ട് ഉണ്ണിക്കൃഷ്ണൻ കിഴുത്താനി അദ്ധ്യക്ഷത വഹിച്ചു. വി. ആർ. രഞ്ജിത്ത്, കെ. ഹരി, എ. സി. സുരേഷ്, കാറളം രാമചന്ദ്രൻ നമ്പ്യാർ, ജോസ് മഞ്ഞില ,ബാബുരാജ് പൊറത്തിശ്ശേരി എന്നിവർ സംസാരിച്ചു.

ബോബി ചെമ്മണ്ണൂരിനെതിരെയുള്ള ശിക്ഷാനടപടി: സ്ത്രീത്വത്തെ അവഹേളിക്കുന്നവർക്കുള്ള മറുപടി

തൃശൂർ: ഹണി റോസിനെതിരെ നിരന്തരം അശ്ലീലപരാമർശങ്ങൾ നടത്തിയതിനെ തുടർന്ന് അറസ്റ്റിലാവുകയും കോടതിയിൽ നിന്ന് തിരിച്ചടി നേരിടുകയും ചെയ്ത ബോബി ചെമ്മണ്ണൂരിനെതിരെയുള്ള ശിക്ഷാനടപടി സ്ത്രീത്വത്തെ അവഹേളിക്കുന്ന എല്ലാവർക്കുമുള്ള മറുപടിയാണെന്നും ശിക്ഷയിൽ ഇളവു വരുത്തരുതെന്നും കേരള മഹിളാസംഘം തൃശൂർ ജില്ലാ എക്സിക്യൂട്ടീവ് കമ്മിറ്റി വിലയിരുത്തി.

സമൂഹമാധ്യമങ്ങളിൽ വിഷം ചീറ്റുന്ന പലരും പൊതുവേ സ്ത്രീകളെ രണ്ടാംകിട പൗരന്മാരായി കാണുകയും സാധ്യമായ ഇടങ്ങളിലെല്ലാം കടന്നാക്രമിക്കുകയും ചെയ്യുന്നത് പതിവായിരിക്കുകയാണ്. സ്ത്രീകൾക്കും പെൺകുട്ടികൾക്കും യാതൊരുവിധത്തിലുള്ള സുരക്ഷയും സൈബർ ലോകത്ത് ലഭിക്കാത്ത സാഹചര്യമാണ് ഇന്നുള്ളത്. ഏറെ പരിഷ്കൃതരെന്ന് അഭിമാനിക്കുന്ന മലയാളിസമൂഹം ഇക്കാര്യങ്ങളിൽ ആത്മപരിശോധന നടത്തേണ്ടത് അനിവാര്യമാണ്. പൊതുസമൂഹത്തിൽ വ്യക്തികളെ ഒറ്റപ്പെടുത്തുകയും സൈബർ ആക്രമണം നടത്തുകയും ചെയ്തതിന്റെ പേരിൽ ഇനിയാർക്കും ഹണി റോസിനുണ്ടായതുപോലെയുള്ള മാനസികപീഢനം ഏൽക്കാൻ ഇടവരരുത്.

ഇക്കാര്യത്തിൽ സുശക്തമായ നിയമനിർമ്മാണം ഉണ്ടാകേണ്ടിയിരിക്കുന്നു. സ്ത്രീ സൗഹൃദ സൈബർ ഇടങ്ങൾ സാധ്യമാക്കുക എന്ന മുദ്രാവാക്യമുയർത്തി കേരള മഹിളാസംഘം പ്രക്ഷോഭം ആരംഭിക്കുമെന്നും ജില്ലാ എക്സിക്യൂട്ടീവ് യോഗം വ്യക്തമാക്കി.

ജില്ലാ പ്രസിഡന്റ് ഷീന പറയങ്ങാട്ടിൽ അദ്ധ്യക്ഷത വഹിച്ചു. ജില്ലാ സെക്രട്ടറി കെ എസ് ജയ, സിപിഐ ജില്ലാ അസി. സെക്രട്ടറി അഡ്വ. ടി ആർ രമേഷ്കുമാർ, ഷീല വിജയകുമാർ, സി ആർ റോസിലി, ഗീത രാജൻ, സജ്ന പർവ്വീൻ തുടങ്ങിയവർ സംസാരിച്ചു.

യു ഡി എഫ് അധികാരത്തിൽ വന്നാൽ സമ്പൂർണ്ണ ലഹരി വിമുക്തകേരളം: ചെന്നിത്തല

കൊച്ചി: ഐക്യ ജനാധിപത്യമുന്നണി അധികാരത്തിൽ വന്നാൽ സമ്പൂർണ്ണ ലഹരിവിമുക്ത കേരളത്തിന് വേണ്ടി പഴുതടച്ച നിയമം കൊണ്ടുവരും എന്ന് രമേശ് ചെന്നിത്തല പ്രസ്താവിച്ചു. മദ്യ വിമോചന മഹാ സഖ്യത്തിന്റെ സംസ്ഥാന സ്പെഷ്യൽ കൺവെൻഷൻ ആലുവ കോട്ടപ്പുറം എൻ എസ് എസ് ഹാളിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. സംസ്ഥാന പ്രസിഡന്റ് ഇ എ ജോസഫ് അദ്ധ്യക്ഷത വഹിച്ചു.

എല്ലാം ശരിയാക്കി തരാം എന്ന് പറഞ്ഞ് അധികാരത്തിൽ വന്ന ഇടതു പക്ഷ ജനാധിപത്യ മുന്നണി സർക്കാർ എല്ലാത്തരം ലഹരിവസ്തുക്കളുടെയും വിഹാര രംഗമായി കേരളത്തെ മാറ്റിയിരിക്കുന്നു. സ്കൂൾ കുട്ടികൾക്ക് സുലഭമായി എല്ലാ ലഹരിവസ്തുക്കളും ലഭ്യമാകുന്നു. ഇത് സർക്കാരിന്റെ കഴിവുകേടാണ് ചെന്നിത്തല പറഞ്ഞു. ആലുവ എം എൽഎ അൻവർ സാദത്ത് മുഖ്യ പ്രഭാഷണം നടത്തി

രക്ഷാധികാരി സി. ഐ. അബ്ദുൾ ജബ്ബാർ ആമുഖ പ്രഭാഷണം നടത്തി ജനറൽ സെക്രട്ടറി കെ. എ മണ്ജുഷ, ഫാ. പോൾ ചുള്ളി, അബ്ദുൽ ഗഫൂർ, കെ. ആർ. നന്ദകുമാർ, കൊടുവഴങ്ങ ബാലകൃഷ്ണൻ,എം.പി. റഷീദ്, ബിനു അബ്ദുൽ കരീം, മാലിക് പാതല, വി. എ മുഹമ്മദ് അഷറഫ് എ അബ്ദുൽ റഷീദ് എന്നിവർ പ്രസംഗിച്ചു.

പ്രോജക്ട് ഫെല്ലോ ഒഴിവ്

തൃശൂർ: കേരള വന ഗവേഷണ സ്ഥാപനത്തിൽ 2027 ഡിസംബർ 19 വരെ കാലാവധിയുള്ള ഒരു സമയ ബന്ധിത ഗവേഷണ പദ്ധതിയിലേക്ക് പ്രോജക്ട് ഫെല്ലോ (ഒരു ഒഴിവ്) താത്കാലിക ഒഴിവിലേക്ക് നിയമനം നടത്തുന്നു. യോഗ്യത ബോട്ടണി/ഇക്കോളജി/ഫോറസ്ട്രി എൻവയോൺമെന്റൽ സയൻസ് എന്നിവയിൽ ഒന്നാം ക്ലാസ്സോടുകൂടിയ ബിരുദാനന്തര ബിരുദം.

അഭികാമ്യ യോഗ്യത ടാക്സോണമിക്, ഇക്കോളജിക്കൽ പഠനങ്ങളിൽ പരിചയം. ഉദ്യോഗാർത്ഥികൾ ജനുവരി 16 ന് രാവിലെ 10 ന് അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം കേരള വനഗവേഷണ സ്ഥാപനത്തിന്റെ തൃശ്ശൂർ പീച്ചിയിലുള്ള ഓഫീസിൽ നടത്തുന്ന വാക് ഇൻ ഇന്റർവ്യൂവിൽ പങ്കെടുക്കണം. ജനുവരി 16 ന് രാവിലെ 10 ന് കേരള വനഗവേഷണ സ്ഥാപനത്തിന്റെ തൃശ്ശൂർ പീച്ചിയിലുള്ള ഓഫീസിൽ ഇന്റർവ്യൂ നടക്കും. കൂടുതൽ വിവരങ്ങൾക്കായി കേരള വന ഗവേഷണ സ്ഥാപനത്തിന്റെ www.kfri.res.in എന്ന വെബ് സൈറ്റ് സന്ദർശിക്കുക.

അഴീക്കോട് മാർത്തോമ്മ തീർഥകേന്ദ്രത്തിൽ നടക്കുന്ന മതസൗഹാർദ സംഗീത-നൃത്ത കലാമേളയായ ഹാർമണി ഫെസ്റ്റിവലിന്റെ 'മുസിരിസ്' സെമിനാർ ഇ.ടി. ടൈസൺ മാസ്റ്റർ എംഎൽഎ ഉദ്ഘാടനം ചെയ്യുന്നു

മുസിരിസ് പര്യവേഷണം വേണം: ഹാർമണി ഫെസ്റ്റിവലിനു തിരശീല ഉയർന്നു

കൊടുങ്ങല്ലൂർ: രണ്ടായിരം വർഷം മുമ്പ് കാടുകളും തുരുത്തുകളുമായിരുന്ന കേരളത്തിന്റെ തുറമുഖ പട്ടണമായിരുന്ന മുസിരിസിനെക്കുറിച്ച് അറിയേണ്ടതു കാലഘട്ടത്തിന്റെ ആവശ്യമാണെന്ന് ഇ.ടി. ടൈസൺ മാസ്റ്റർ എംഎൽഎ. അഴീക്കോട് മാർത്തോമ്മ തീർഥകേന്ദ്രത്തിൽ നടക്കുന്ന മതസൗഹാർദ സംഗീത-നൃത്ത കലാമേളയായ ഹാർമണി ഫെസ്റ്റിവലിനു തുടക്കം കുറിച്ചുകൊണ്ടുള്ള 'മുസിരിസ്' സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ചരിത്രം ആധുനികതയിലേക്കുള്ള സ്പ്രിംഗ് ബോർഡ് ആണ്. ചരിത്രം അറിയുക മനുഷ്യന്റെ അവകാശമാണ്. ചരിത്രം മനുഷ്യ മനസിനെ വിശാലമാക്കും. മുസിരിസിന്റെ മണ്ണിൽ അരങ്ങേറുന്ന ഹാർമണി ഫെസ്റ്റിവൽ മതസൗഹാർദത്തിന്റേയും ഐക്യത്തിന്റേയും ഉത്സവമാണ്. അദ്ദേഹം പറഞ്ഞു. ഭാവഗായകൻ പി. ജയചന്ദ്രന്റെ വേർപാടിൽ അനുശോചിച്ചുകൊണ്ടാണു പരിപാടികൾ ആരംഭിച്ചത്.

കെസിഎച്ച്ആർ മുൻ ചെയർമാൻ ഡോ. പി.ജെ. ചെറിയാൻ, മുസിരിസ് ഹെറിറ്റേജ് പ്രൊജക്ട് മാനേജർ ഡോ. മിഥുൻ എന്നിവർ പ്രഭാഷണം നടത്തി. ചർച്ച് ഹിസ്റ്ററി അസോസിയേഷൻ പ്രസിഡന്റ് ഷെവ. പ്രൊഫ. ജോർജ് മേനാച്ചേരി അധ്യക്ഷത വഹിച്ചു. ചീഫ് കോഓഡിനേറ്റർ ഫാ. ഡോ. പോൾ പൂവത്തിങ്കൽ സിഎംഐ, പ്രഫ. വി.എ. വർഗീസ്, ഏറിയാട് പഞ്ചായത്ത് മെമ്പർ ലൈല സേവ്യർ, കേരള ഹിസ്റ്ററി കോൺഗ്രസ് സെക്രട്ടറി ബേബി മൂക്കൻ, ജോൺസൺ കാഞ്ഞിരത്തിങ്കൽ, പി.എ. മനാഫ് എന്നിവർ പ്രസംഗിച്ചു.

രണ്ടാം ദിവസമായ ഇന്നു സംഗീതോൽസവത്തിൽ നൂറിലേറെ സംഗീത പ്രതിഭകൾ ഗാനാർച്ചന നടത്തും. വൈകുന്നേരം 6.30 ന് മതഹൗസൗഹാർദ സമ്മേളനം തൃശൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി.എസ്. പ്രിൻസ് ഉദ്ഘാടനം ചെയ്യും. സ്വാമി ബ്രഹ്മസ്വരൂപാനന്ദ തീർത്ഥ, കെ. റിയാസ് മൗലവി അൽ ഹസനി, ആലുവ സെമിനാരി വൈസ് റെക്ടർ ഫാ. ഡോ. വിൻസെന്റ് കുണ്ടുകളം എന്നിവർ മുഖ്യാതിഥികളാകും. ജില്ലാ പഞ്ചായത്ത് മെമ്പർ സുഗത ശശിധരൻ, ദേവമാതാ വികാർ പ്രൊവിൻഷ്യൽ ഫാ. ഡേവി കാവുങ്ങൽ സിഎംഐ എന്നിവർ പ്രസംഗിക്കും.

ഞായറാഴ്ച വൈകുന്നേരം ഏഴിനു സമാപന സമ്മേളനം റവന്യൂ മന്ത്രി കെ. രാജൻ ഉദ്ഘാടനം ചെയ്യും. ഇ.ടി. ടൈസൺ എംഎൽഎ അധ്യക്ഷനാകും. അമ്പതിനായിരം രൂപ അടങ്ങുന്ന ഹാർമണി അന്തർദേശീയ അവാർഡ് കവിയും ചലച്ചിത്ര ഗാനരചയിതാവുമായ റഫീഖ് അഹമ്മദിനു മന്ത്രി സമ്മാനിക്കും. വിവിധ മേഖലകളിൽ മികവു പ്രകടമാക്കിയ പത്തു പ്രതിഭകളെ ആദരിക്കും. ദേവമാതാ പ്രൊവിൻഷ്യൽ ഫാ. ഡോ. ജോസ് നന്തിക്കര സിഎംഐ, പഞ്ചായത്ത് പ്രസിഡന്റ് കെ.പി. രാജൻ, ബ്ലോക്ക് പഞ്ചായത്ത് മെമ്പർ നൗഷാദ് കറുകപാടത്ത് എന്നിവർ പ്രസംഗിക്കും. തുടർന്ന് എം.ഡി. പോളി, ഫാ. ഡോ. പോൾ പൂവത്തിങ്കൽ സിഎംഐ, റീന മുരളി എന്നിവർ നയിക്കുന്ന ഗാനമേളയുണ്ടാകും. പരിപാടികളുടെ വിജയകരമായ നടത്തിപ്പിന് 251 അംഗ കമ്മിറ്റി പ്രവർത്തിക്കുന്നുണ്ട്.

സൗജന്യ സംരംഭകത്വ വികസന പരിശീലന പരിപാടി

തൃശൂർ: വ്യവസായ വാണിജ്യ വകുപ്പിന്റെ ആഭിമുഖ്യത്തിൽ സംരംഭകർക്കായി ജില്ലാ വ്യവസായ കേന്ദ്രം തൃശ്ശൂരിൽ 15 ദിവസത്തെ സൗജന്യ സംരംഭകത്വ വികസന പരിശീലന പരിപാടി ജനുവരി - ഫെബ്രുവരി മാസങ്ങളിലായി സംഘടിപ്പിക്കുന്നു. ഒരു സംരംഭം തുടങ്ങുന്നതിന് ആവശ്യമായ വിവിധ അനുമതികൾ, ലൈസൻസുകൾ, സാമ്പത്തിക സഹായങ്ങൾ തുടങ്ങിയവയെക്കുറിച്ച് ക്ലാസ്സുകൾ ഉണ്ടായിരിക്കും. പരിശീലനത്തിന്റെ ഭാഗമായി തിരഞ്ഞെടുക്കുന്ന വ്യവസായശാലകൾ സന്ദർശിക്കും. ഭക്ഷണം, സ്റ്റഡി മെറ്റീരിയൽസ് ട്രെയിനിങ് ഫീസ് എന്നിവ ജില്ലാ വ്യവസായ കേന്ദ്രം വഹിക്കുന്നതാണ്. പങ്കെടുക്കാൻ താൽപര്യമുള്ളവർ വെള്ളപേപ്പറിൽ തയ്യാറാക്കിയ അപേക്ഷയോടൊപ്പം ഫോട്ടോ, ആധാർ കാർഡ്, റേഷൻ കാർഡ് എന്നിവയുടെ കോപ്പി സഹിതം ജനുവരി 15 വൈകീട്ട് 4 നകം തൃശ്ശൂർ ജില്ലാ വ്യവസായ കേന്ദ്രത്തിൽ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്കായി ഫോൺ: 0487 2360847, 9946337386.

ഏകദിന ശിൽപ്പശാല നടത്തി

തൃശ്ശൂർ ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ വിവിധ വകുപ്പുകളെ പങ്കെടുപ്പിച്ചുകൊണ്ട് രാഷ്ട്രീയ ബാല സ്വാസ്ഥ്യ കാര്യക്രം ആൻഡ് രാഷ്ട്രീയ കിഷോർ സ്വാസ്ഥ്യ കാര്യക്രം ഏകദിന ശിൽപ്പശാല സംഘടിപ്പിച്ചു. തൃശ്ശൂർ കോർപ്പറേഷൻ ആരോഗ്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ പി.കെ ഷാജൻ ശിൽപശാലയുടെ ഉദ്ഘാടനം ചെയ്തു. ആരോഗ്യകേരളം തൃശ്ശൂർ ജില്ലാ പ്രോഗ്രാം മാനേജർ ഡോ. പി. സജീവ്കുമാർ അധ്യക്ഷത വഹിച്ചു. ആർ.കെ.എസ്.കെ സംസ്ഥാന നോഡൽ ഓഫീസർ ഡോ. അമർ ഫെറ്റിൽ, ജില്ലാ ആർ സി എച്ച് ഓഫീസർ ഡോ. മിനി വി.കെ എന്നിവർ സംസാരിച്ചു. ചടങ്ങിന് ആർ ബി എസ് കെ മാനേജർ നീനാ മനോഹരൻ സ്വാഗതവും ജൂനിയർ കൺസൾട്ടന്ട് (ആർബിഎസ്കെ) നിത്യാ സാനി നന്ദിയും പറഞ്ഞു.

ശിൽപശാലയിൽ ആർ കെ എസ്സ് കെ സംബന്ധിച്ച് ആർ കെ എസ്സ് കെ സംസ്ഥാന നോഡൽ ഓഫീസർ ഡോ. അമർ ഫെറ്റിൽ, ആർ ബി എസ് കെ സംബന്ധിച്ച് ആരോഗ്യകേരളം തൃശ്ശൂർ ജില്ലാ പ്രോഗ്രാം മാനേജർ ഡോ. പി. സജീവ്കുമാർ, ആർ ബി എസ്സ് കെ മാനേജർ നീനാ മനോഹരൻ, ജൂനിയർ കൺസൾട്ടന്ട് (ആർ ബി എസ്സ് കെ ശ്രീമതി നിത്യാ സാനി എന്നിവരും കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതി സംബന്ധിച്ച് ജില്ലാ ഓഫീസർ റെനി കുര്യാക്കോസും ക്ലാസ്സുകൾ നയിച്ചു. ശിൽപശാലയുടെ ഭാഗമായി നവജാത ശിശു സംരക്ഷണ വാരാചരണത്തോടനുബന്ധിച്ച് നടത്തിയ ഓൺലൈൻ വീഡിയോ മത്സരമായ ഉണ്ണിക്കൈരു താരാട്ടിൽ വിജയികളായ ദമ്പതികൾ ദിയാമോൾ, ജിബിൻ, അനുഷ, അക്ഷയ് എന്നിവർക്ക് ക്യാഷ് അവാർഡും ഫലകവും വിതരണം ചെയ്തു.

തൃശ്ശൂർ ഹോട്ടൽ പേൾ റീജൻസിയിൽ ആരോഗ്യ വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, വനിതാ ശിശു വികസന വകുപ്പ്, സാമൂഹ്യനീതി വകുപ്പ്, കമ്മിഷണർ ഓഫ് പോലീസ്, എക്സൈസ്, വിമുക്തി, സ്പോർട്സ് കൌൺസിൽ, ചിൽഡ്രൻസ് ഹോം സൂപ്രണ്ട്, കുടുംബശ്രീ, തൃശ്ശൂർ കോർപ്പറേഷൻ, പഞ്ചായത്ത് തുടങ്ങിയ വകുപ്പുകളുടെ പങ്കാളിത്തത്തോടെയാണ് ശിൽപ്പശാല നടത്തിയത്.

ക്വട്ടേഷൻ ക്ഷണിച്ചു

തൃശൂർ: തളിക്കുളം ശിശു വികസന പദ്ധതി കാര്യാലയത്തിന് കീഴിൽ 2023-24 സക്ഷം അങ്കണവാടി നവീകരണ പദ്ധതിയിലുള്ള രണ്ട് അങ്കണവാടികളിലേക്ക് ബാല ആൻഡ് ഇസിസിഇ ലേണിങ് മെറ്റിരിയൽ വാങ്ങി വിതരണം നടത്തുന്നതിന് വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും മത്സരസ്വഭാവമുള്ള ക്വട്ടേഷൻ ക്ഷണിച്ചു. ക്വട്ടേഷനുകൾ ജനുവരി 15 ന് ഉച്ചയ്ക്ക് 2 ന് മുമ്പ് ലഭിക്കണം. ഫോൺ 0487 2394522.

കാലിക്കറ്റ് വനിത റഗ്ബി-ജി സി പി ഇ കാലിക്കറ്റ് ജേതാക്കൾ

ഇരിങ്ങാലക്കുട: ഇരിങ്ങാലക്കുട സെന്റ് ജോസഫ്സ് കോളേജിൽ വെച്ച്നടന്ന കാലിക്കറ്റ് യൂണിവേഴ്സിറ്റി വനിതാ വിഭാഗം റഗ്ബി ചാമ്പ്യൻഷിപ്പ് ഗവണ്മെന്റ് ഫിസിക്കൽ എഡ്യൂക്കേഷൻ കോളേജ് കാലിക്കറ്റ് കിരീടം ചൂടി. നിലവിലെ ചാമ്പ്യൻമാരായ തൃശൂർ വിമല കോളേജിനെ പരാജയപ്പെടുത്തിയാണ് ഗവണ്മെന്റ് ഫിസിക്കൽ എഡ്യൂക്കേഷൻ കോളേജ് കാലിക്കറ്റ് ജേതാക്കളായത്. കോളേജ് പ്രിൻസിപ്പൽ ഡോ കൂർ സിസ്റ്റർ ബ്ലെസി ഉത്ഘാടനം ചെയ്തു. കാലിക്കറ്റ് യൂണിവേഴ്സിറ്റിക്ക് കീഴിലുള്ള പ്രമുഖ 8 കോളേജുകൾ ചാമ്പ്യൻഷിപ്പിൽ പങ്കെടുത്തു. ആഥിദേയരായ സെന്റ് ജോസഫ്സ് കോളേജ് ക്രൈസ്റ്റ് കോളേജ് ഇരിങ്ങാലക്കുടയെ തോൽപ്പിച്ച് മൂന്നാം സ്ഥാനം കരസ്ഥമാക്കി. സെന്റ് ജോസഫ് കോളേജ് കായിക വിഭാഗം മേധാവി ഡോ കൂർ സ്റ്റാലിൻ റാഫേലിന്റെ അദ്ധ്യക്ഷതയിൽ നടന്ന സമ്മാനദാന ചടങ്ങിൽ കോളേജ് വൈസ് പ്രിൻസിപ്പൽ ഡോ. സിസ്റ്റർ ഏലൈസ വിജയികൾക്ക് ട്രോഫികൾ വിതരണം ചെയ്തു.

ജവഹർ ബാലഭവൻ നവീകരിച്ച ക്ലാസ് മുറികളുടെ ഉദ്ഘാടനം നാളെ

തൃശൂർ: പെട്രോനെറ്റ് എൽ എൻജി ലിമിറ്റഡിന്റെ സി എസ് ആർ ഫണ്ട് 25 ലക്ഷം ഉപയോഗിച്ച് തൃശ്ശൂർ ജവഹർ ബാലഭവനിലെ നവീകരിച്ച ക്ലാസ് മുറികൾ, മൾട്ടിപർപ്പസ് ഹോൾ, ടോയ്‌ലറ്റ് എന്നിവയുടെ ഉദ്ഘാടനം നാളെ കാലത്ത് 11 മണിക്ക് തൃശൂർ ജില്ലാ കളക്ടർ അർജുൻ പാണ്ധ്യൻ ഐഎഎസ് നിർവഹിക്കും. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വിഎസ് പ്രിൻസ് അധ്യക്ഷനായും, കോർപ്പറേഷൻ മേയർ എം കെ വർഗീസ് മുഖ്യാതിഥിയായി പങ്കെടുക്കും.

യൂജെനിക്സിൽ നടത്തിയ ഹെയർ ട്രാൻസ്പ്ലാന്റ് വിജയത്തിന്റെ സന്തോഷത്തിൽ ബോണി കപൂർ

തൃശൂർ: ബോളിവുഡ് നടൻ ബോണി കപൂർ യൂജെനിക്സ് ഹെയർ സയൻസസ് സംഘടിപ്പിച്ച ഇവന്റിൽ തന്റെ പ്രചോദനാത്മകമായ മുടി റെസ്റ്റോറേഷനെ കുറിച്ചു സംസാരിച്ചു. കപൂറും ചലച്ചിത്ര നിർമ്മാതാവ് അനീസ് ബസ്മിയും ക്ലിനിക്കിന്റെ നൂതന സാങ്കേതിക വിദ്യകളെ പ്രശംസിച്ചു.

യൂജെനിക്സ് സഹസ്ഥാപകരായ ഡോ. പ്രദീപ് സേത്തിയും ഡോ. അരിക ബൻസാലും വ്യക്തിഗത പരിചരണത്തിനും അത്യാധുനിക സാങ്കേതിക വിദ്യയ്ക്കും വേണ്ടിയുള്ള ക്ലിനിക്കിന്റെ പ്രതിബദ്ധത ഉയർത്തിക്കാട്ടി.

മുടി റെസ്റ്റോറേഷൻ രംഗത്തെ ആഗോള മാനദണ്ഡങ്ങൾ പുനർനിർവചിക്കുക എന്ന തങ്ങളുടെ ലക്ഷ്യത്തിന് ഊന്നൽ നൽകിയാണ് അവർ പ്രവർത്തിക്കുന്നത്.

പാസിംഗ് ഔട്ട് പരേഡ്

തൃശൂർ: കേരളത്തിലെ വിവിധ പോലീസ് ബറ്റാലിയനുകളിൽ നിന്നും ഇന്ത്യ റിസർവ് ബറ്റാലിയനിൽ അടിസ്ഥാന പരിശീലനത്തിൽ ഏർപ്പെട്ടുവരുന്ന 150 റിക്രൂട്ട് പോലീസ് കോൺസ്റ്റബിൾ ഡ്രൈവർമാരുടെ പാസിംഗ് ഔട്ട് പരേഡ് ജനുവരി 15 ന് രാവിലെ എട്ടിന് ഇന്ത്യ റിസർവ് ബറ്റാലിയന്റെ രാമവർമ്മപുരം പരേഡ് ഗ്രൗണ്ടിൽ നടക്കും. മുഖ്യമന്ത്രി പിണറായി വിജയൻ വിശിഷ്ടാതിഥിയായി സേനാംഗങ്ങളുടെ അഭിവാദ്യം സ്വീകരിക്കും.

ചേറൂർ വിജയപുരം സെന്റ് ഫ്രാൻസിസ് സേവിയേഴ്സ് പള്ളിയിൽ തിരുനാളിന് കൊടികയറി

ചേറൂർ : ജനുവരി 16, 17, 18, 19, 20 തിയ്യതികളിൽ നടക്കുന്ന വിശുദ്ധ സെബസ്ത്യാനോസിന്റെയും വിശുദ്ധ ഫ്രാൻസീസ് സേവ്യറിന്റെയും സംയുക്ത തിരുനാളിനോടനുബന്ധിച്ചുള്ള കൊടിയേറ്റം തൃശൂർ അതിരൂപതാ വികാർ ജനറാൾ മോൺ. ജോസ് വള്ളൂരാൻ നിർവ്വഹിച്ചു. തുടർന്നുള്ള 9 ദിവസം തിരുനാളിനോടനുബന്ധിച്ചുള്ള നവനാൾ ദിനങ്ങളിൽ വൈകീട്ട് 5.30 ന് ദിവ്യബലി, ലദീഞ്ഞ്, നൊവേന എന്നിവയുണ്ടായിരിക്കും. 16 വ്യാഴാഴ്ച്ച വൈകുന്നേരം 7 മണിക്ക് ദീപാലങ്കാരം സ്വിച്ച് ഓൺ കർമ്മവും, 17 വെള്ളിയാഴ്ച്ച വൈകീട്ട് 5.30 നുള്ള ദിവ്യബലിക്കുശേഷം പ്രസുദേന്തി വാഴ്ചയും കൂടുതുറക്കൽ ശുശ്രൂഷയും 18 ശനിയാഴ്ച രാവിലെ ദിവ്യബലിക്കുശേഷം വീടുകളിലേക്ക് അമ്പ് എഴുന്നെള്ളിപ്പ് ഉണ്ടായിരിക്കും.

9 ഞായറാഴ്ച രാവിലെ 6.30ന് വി. കുർബാന. 10 മണിക്ക് നടക്കുന്ന ആഘോഷമായ തിരുനാൾ കുർബാനയ്ക്ക് പുറനാട്ടുകര ഇടവക നവവൈദികരായ റവ. ഫാ. ജാക്സൻ തെക്കേക്കര മുഖ്യകാർമ്മികനും, റവ. ഫാ. ജീസ് അക്കരപക്കൽ തിരുനാൾ സന്ദേശവും നൽകും. ഉച്ചകഴിഞ്ഞ് 4 മണിക്ക് വി. കുർബാന, തുടർന്ന് തിരുനാൾ പ്രദക്ഷിണം. ശേഷം വർണ്ണക്കാഴ്ചയും ബാന്റ് മേളവും ഉണ്ടായിരിക്കും. തിരുനാളാഘോഷത്തിന്റെ വിജയത്തിനായി വികാരി റവ. ഫാ. അജിത്ത് തച്ചോത്ത്, സീനിയർ റസിഡന്റ് പ്രീസ്റ്റ് റവ. ഫാ. ഡേവീസ് ചിറയത്ത്, ജനറൽ കൺവീനർ സജി സെബാസ്റ്റ്യൻ, ട്രസ്റ്റിമാരായ ബെൻസിൻ മാറോക്കി, ലിയോൺസൺ ചാഴൂർ, ജോൺസൺ തച്ചാറ, മിജോൺ പെരുമാട്ടിൽ എന്നിവരുടെ നേതൃത്വത്തിൽ വിവിധ കമ്മിറ്റികളും പ്രവർത്തിക്കുന്നുണ്ട്. എന്ന് വികാരി ഫാ. അജിത്ത് തച്ചോത്ത് ജന.കൺവീനർ സജി സെബാസ്റ്റ്യൻ എന്നിവർ അറിയിച്ചു.

ഗതാഗത നിയന്ത്രണം

തൃശൂർ: പഴമ്പാലക്കോട് റോഡിലെ കലുങ്ക് പ്രവൃത്തികൾ നടക്കുന്നതിനാൽ ജനുവരി 13 മുതൽ 30 ദിവസത്തേക്ക് കൂട്ടുപാത മുതൽ പഴമ്പാലക്കോട് വരെയുള്ള റോഡിലൂടെ യാത്രാവാഹനങ്ങളായ 2 വീലർ, 4 വീലർ എന്നിവയൊഴികെയുള്ള വാഹനങ്ങളുടെ ഗതാഗതം പൂർണ്ണമായും നിരോധിച്ച